**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 593** **17-09-2025-ൽ മറുപടിയ്ക്ക്**

## ഭാഗ്യക്കുറി വരുമാനം

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. റോജി എം. ജോൺ ശ്രീ. വി. ഡി. സതീശൻ

ശ്രീ. റോജി എം. ജോൺ (മുഖ്യമന്ത്രി)

**(എ)** വിവിധ ഭാഗ്യക്കുറികളുടെ നടത്തിപ്പിലൂടെ സംസ്ഥാന സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; സമ്മാനത്തുകകളും കമ്മീഷനുകളും നല്കിയ ഇനത്തിൽ എത്ര തുകയാണ് ചെലവായതെന്നുള്ള ഇനം തിരിച്ചുള്ള കണക്കുകൾ നല്കാമോ;

**മറുപടി:** വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-

| ക്രമ നം | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1 | ഭാഗ്യക്കുറികളുടെ വിറ്റുവരവിലൂടെ ആകെ ലഭിച്ച തുക | 12,711.94 |
| 2 | സമ്മാന വിതരണത്തിനായി ചെലവായ തുക | 7,239.59 |
| 3 | ഏജന്റ്സ് കമ്മീഷൻ ഇനത്തിൽ ചെലവായ തുക | 4,079.32 |
| 4 | ഡിസ്കൗണ്ട് / കമ്മീഷൻ | 3,174.58 |
| 5 | ഏജന്റ്സ് പ്രൈസ് | 904.74 |

**(ബി)** ഭാഗ്യക്കുറിക്കുള്ള ജി.എസ്.ടി നിരക്കിലെ വർദ്ധനവ് അതിന്റെ വിപണനത്തെ ദോഷകരമായി ബാധിക്കും എന്ന് വിലയിരുത്തുന്നുണ്ടോ; ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം നിലനിർത്തുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നല്കാമോ?

**മറുപടി:** ഭാഗ്യക്കുറി ടിക്കറ്റിന് മേലുള്ള ജി. എസ്. ടി. 28% ൽ നിന്നും 40% ആയി വർധിപ്പിച്ചത് ലോട്ടറി മേഖലയെ പ്രതികൂലമായി ബാധിക്കും. ഇത് സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിൽ വലിയ കുറവുണ്ടാകും. മറ്റു തൊഴിൽ ചെയ്യാൻ സാധിക്കാത്ത നിരവധി സാധാരണ ജനങ്ങളുടെ തൊഴിൽ മേഖല എന്ന നിലയിൽ ഭാഗ്യക്കുറി മേഖലയെ സംരക്ഷിക്കുന്നതിനായി സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ആയത് സംബന്ധിച്ച പരിശോധനകളും ചർച്ചകളും നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**